REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-03-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **UAE പ്രസിഡണ്ട് ഷേയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പശ്ചിമേഷ്യൻ സാഹചര്യം വിലയിരുത്തി.**
- **അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനും, ആറ് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിനും തിരഞ്ഞെടുപ്പ് കമ്മീഷൻ 1,111 കേന്ദ്രനിരീക്ഷകരെ നിയോഗിച്ചു.**
- **മൂന്നു പ്രമുഖ മുന്നണികളും ആദ്യ ഘട്ട സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചതോടെ സംസ്ഥാനത്ത് തെരഞ്ഞെടുപ്പു പ്രചാരണത്തിന് ചൂടേറി. പൊതു നിരീക്ഷകർ ഇന്ന് കേരളത്തിലെത്തും.**
- **ലോക്സഭ ഇന്ന് കൃഷി- കർഷക്ഷേമ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകളിൽ ചർച്ചയും, വോട്ടെടുപ്പും നടത്തും.**
- **2026 F I H ലോകകപ്പ് ഹോക്കി മത്സരങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. ഇന്ത്യയും പാക്കിസ്ഥാനും പൂൾ D യിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി, UAE പ്രസിഡണ്ട് ഷേയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പശ്ചിമേഷ്യൻ സാഹചര്യം ടെലഫോൺ സംഭാഷണത്തിൽ വിലയിരുത്തി. നിരപരാധികളുടെ ജീവൻ നഷ്ടമാകുന്നതിലും, സിവിലിയൻ പ്രദേശങ്ങൾക്ക് കനത്ത നാശമുണ്ടാകുന്നതിലും ഇന്ത്യയുടെ ശക്തമായ എതിർപ്പും നിലപാടും പ്രധാനമന്ത്രി ആവർത്തിച്ചു. ഹോർമൂസ് കടലിടുക്ക് വഴി

സ്വതന്ത്രമായ കപ്പൽ ഗതാഗതം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ഇരുനേതാക്കളും പങ്കുവെച്ചു. മേഖലയിൽ സമാധാനവും, സുരക്ഷയും, സ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിന് രണ്ട് രാജ്യങ്ങളും യോജിച്ച് പ്രവർത്തിക്കുമെന്ന് സാമൂഹ്യമാധ്യമത്തിൽ നരേന്ദ്രമോദി കുറിച്ചു.

✪✪✪

ഇറാന്റെ ദേശീയ സുരക്ഷാ കൗൺസിൽ മേധാവി അലി ലാരിജാനിയുടെ മരണം ഇറാന്റെ ഔദ്യോഗിക മാധ്യമങ്ങൾ സ്ഥിരീകരിച്ചു. ഇസ്രയേൽ ആക്രമണത്തിൽ ഉണ്ടായ മരണം അങ്ങേയറ്റം ദൗർഭാഗ്യകരമാണെന്ന് ഇറാൻ അറിയിച്ചു.

✪✪✪

നാറ്റോ സഖ്യത്തിലെ മിക്ക രാജ്യങ്ങളും ഇറാനെതിരായ സൈനിക നടപടിയിൽ പങ്കെടുക്കാത്തതിനെ US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് വിമർശിച്ചു. വിദേശ സഹായമില്ലെങ്കിലും ഇറാനെ നേരിടാൻ അമേരിക്കക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഇറാന് ആണവായുധ ശേഷി കൈവരിക്കാൻ അവസരം നൽകരുതെന്ന നിലപാടിനെ മിക്ക സഖ്യരാജ്യങ്ങളും പിന്തുണയ്ക്കുന്നുണ്ടെന്നും ട്രംപ് അവകാശപ്പെട്ടു.

✪✪✪

ഇറാഖ് തലസ്ഥാനിലെ ബാഗ്ദാദിലെ US എംബസിക്ക് സമീപം സ്ഫോടന പരമ്പര ഉണ്ടായതായി സുരക്ഷാ കേന്ദ്രങ്ങൾ അറിയിച്ചു. അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപം മൂന്ന് വൻ സ്ഫോടനങ്ങളെങ്കിലും ഉണ്ടായി. C-RAM പ്രതിരോധ സംവിധാനങ്ങൾ ആക്രമണത്തെ ചെറുക്കുന്നുണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ നിന്ന് 50 സർവീസുകൾ ഇന്ന് നടത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് അറിയിച്ചു. ഇതിൽ 26 എണ്ണം സാധാരണ സർവീസും, 24 എണ്ണം പ്രത്യേക സർവീസുകളുമായിരിക്കും.

ഇന്നലെ ഖത്തർ എയർവേസ് അഞ്ച് സർവീസുകളിലായി 1,600 ഇന്ത്യക്കാരെ നാട്ടിലെത്തിച്ചതായി ദോഹയിലെ ഇന്ത്യൻ എംബസി വെളിപ്പെടുത്തി. ഇന്നു മുതൽ ഇന്ത്യയിലെ ഒൻപത് വിമാനത്താവളങ്ങളിലേക്ക് സർവീസുകൾ ഉണ്ടാകുമെന്നും എംബസി അറിയിച്ചു.

✪✪✪

ഹോർമൂസ് കടലിടുക്കിൽ സുരക്ഷ ഉറപ്പാക്കാൻ തയ്യാറാണെന്ന് ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ അറിയിച്ചു. എന്നാൽ ഇപ്പോഴത്തെ

പശ്ചിമേഷ്യൻ യുദ്ധത്തിൽ പങ്കുചേരാതെ പ്രത്യേക ദൗത്യം എന്ന നിലയിലായിരിക്കും ഫ്രാൻസിന്റെ പ്രവർത്തനമെന്ന് മക്രോൺ വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇറാന്റെ ഫിഫ ലോകകപ്പ് മത്സരങ്ങൾ അമേരിക്കയിൽ നിന്നും മെക്സിക്കോയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്നു. ഇക്കാര്യം ഇറാനിയൻ ഫുട്ബോൾ പ്രസിഡന്റ് മെഹ്ദി താജ് സ്ഥിരീകരിച്ചു. താരങ്ങളുടെ സുരക്ഷാ ഉറപ്പ് പ്രധാന പ്രശ്നമാണെന്നും അദ്ദേഹം പറഞ്ഞു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇറാൻ ടീമിനെ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിലും അമേരിക്കയിൽ കളിക്കുന്നത് താരങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയാണെന്ന് മെഹ്ദി താജ് പറഞ്ഞു.

✪✪✪

കേരളം, പുതുച്ചേരി, തമിഴ്നാട്, അസം, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകൾക്കും, ആറ് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പുകൾക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ 1,111 കേന്ദ്രനിരീക്ഷകരെ നിയോഗിച്ചു. ഇവരിൽ 557 പേർ പൊതുനിരീക്ഷകരും, 188 പേർ പൊലീസ് നിരീക്ഷകരും, 356 പേർ ചെലവ് നിരീക്ഷകരുമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഡൽഹിയിൽ അറിയിച്ചു.

സമാധാനപരവും, പ്രലോഭനരഹിതവുമായി തിരഞ്ഞെടുപ്പ് നടത്തുമെന്നും, അതിനാൽ ഓരോ വോട്ടർക്കും ഭയമില്ലാതെ വോട്ട് രേഖപ്പെടുത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ഈ ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കാൻ കമ്മീഷന്റെ കണ്ണും കാതും, നിരീക്ഷകരായിരിക്കുമെന്ന് ഗ്യാനേഷ് കുമാർ വ്യക്തമാക്കി. നിരീക്ഷകർ അതാത് നിയമസഭാ മണ്ഡലങ്ങളിൽ ഇന്നു മുതൽ പ്രവർത്തനമാരംഭിക്കും. സ്ഥാനാർത്ഥികൾക്കും, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും, പൊതുജനങ്ങൾക്കും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ എല്ലാ ദിവസവും നിരീക്ഷകരെ സമീപിക്കാവുന്നതാണെന്നും ഇതിന് സമയം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഗ്യാനേഷ് കുമാർ അറിയിച്ചു.

✪✪✪

കേരളത്തിലെ മൂന്നു പ്രമുഖ മുന്നണികളും ആദ്യ ഘട്ട സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചതോടെ തെരഞ്ഞെടുപ്പു പ്രചാരണത്തിന് ചൂടേറി.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.....(വോയ്സ്)...............

✪✪✪

മുസ്ലിം ലീഗിന്റെ സ്ഥാനാർഥി പട്ടികയിൽ യുവാക്കൾക്കും വനിതകൾക്കും അർഹമായ പ്രതിനിധ്യം ലഭിച്ചതായി ഡോ. MK മുനീർ കോഴിക്കോട്ട് വിലയിരുത്തി. തലമുറകൾ കൈമാറി പോകേണ്ടതാണ് രാഷ്ട്രീയമെന്നും, പുതിയ ആളുകൾക്ക് അവസരം നിഷേധിക്കാൻ പാടില്ലെന്നും പ്രചാരണ രംഗത്ത് സജീവമാകുമെന്നും ഡോ.മുനീർ പറഞ്ഞു.

✪✪✪

BJP രണ്ടാം ഘട്ട സ്ഥാനാർത്ഥിപട്ടിക ഇന്ന് പുറത്തിറക്കും. അവസാനവട്ട ചർച്ചകൾക്കായി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഇന്നലെ വൈകിട്ട് ന്യൂഡൽഹിയിലെത്തി. ഇന്ന് പാർട്ടി കേന്ദ്രതെരഞ്ഞെടുപ്പു സമിതിയും പാർലിമെന്ററി ബോർഡും ചേർന്ന് പട്ടികയ്ക്ക് അന്തിമരൂപം നൽകും. 47 സീറ്റുകളിലാണ് പാർട്ടി നേരത്തെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്.

30 സീറ്റുകൾ BDJS ന് നൽകിയിട്ടുണ്ട്. 12 സീറ്റുകളിൽ അവർ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ട്വന്റി 20 ക്ക് നൽകിയ്യ 20 മണ്ഡലങ്ങളിൽ 12 സ്ഥാനാർത്ഥികളെ അവരും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് സമാധാനപരവും സുരക്ഷിതവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ കണ്ണൂർ ജില്ലയിലെ പാനൂർ, കൂത്തുപറമ്പ്, കൊളവല്ലൂർ, കണ്ണവം പൊലീസും BSF ഉം സംയുക്ത റൂട്ട് മാർച്ച് നടത്തി. 40 പോലീസ് സേനാംഗങ്ങളും, 53 BSF സേനാംഗങ്ങളും റൂട്ട് മാർച്ചിൽ പങ്കെടുത്തു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ജോലികൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന നടപടി തിരഞ്ഞെടുപ്പ് കമ്മീഷൻ വേഗത്തിലാക്കി. കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, പൊതുമേഖലാ- ബോർഡ് - സർവകലാശാല- PSC- ദേശസാത്കൃത ബാങ്ക്- ഗവണ്മെന്റ് നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരെയാണ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. സ്ഥാപന മേധാവികൾ നാളേയ്ക്ക് മുമ്പായി ജീവനക്കാരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

✪✪✪

ലോക്സഭ ഇന്ന് കൃഷി- കർഷക്ഷേമ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകളിൽ ചർച്ചയും, വോട്ടെടുപ്പും നടത്തും. ആഭ്യന്തര - വിദേശകാര്യ - ഊർജ്ജ മന്ത്രാലയങ്ങളുടെ ധനാഭ്യർത്ഥനകളും സഭ ചർച്ച ചെയ്യും.

ഇന്നലെ റെയിൽവെ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകൾ ലോക്സഭ ചർച്ച ചെയ്തു. കഴിഞ്ഞ ദശകത്തിൽ റെയിൽ മേഖലയിൽ മോദി ഗവണ്മെന്റ് വലിയ മാറ്റമാണ് കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വിശദീകരിച്ചു.

ലോക്സഭ നേരത്തെ പാസാക്കിയ ധനവിനിയോഗ ബില്ലിന് ഇന്നലെ രാജ്യസഭയും അംഗീകാരം നൽകി. സാമ്പത്തിക സ്ഥിരതാ ഫണ്ടിലേക്ക് കേന്ദ്രം 57,381 കോടിയിൽപ്പരം രൂപ നൽകിയിട്ടുണ്ടെന്ന് രാജ്യസഭയിലെ ചർച്ചകൾക്ക് മറുപടി നൽകിയ ധനമന്ത്രി നിർമ്മലാ സീതാരാമൻ അറിയിച്ചു. 19,230 കോടി രൂപ നടപ്പുസീസണിലെ രാസവള സബ്സിഡിയായും അനുവദിച്ചിട്ടുണ്ട്.

✪✪✪

2027 ലെ ദേശീയ സെൻസസ്, 21 ദിവ്യാംഗ വിഭാഗങ്ങളെ കണ്ടെത്തി രേഖപ്പെടുത്തുമെന്ന് കേന്ദ്ര സാമൂഹ്യനീതി - ശാക്തീകരണ സഹമന്ത്രി രാംദാസ് അത്താവലെ അറിയിച്ചു. പാർലമെന്റ് അംഗങ്ങൾക്കായി തയ്യാറാക്കിയ ആദ്യ ദിവ്യാംഗ കൈപ്പുസ്തകം- 'Beyond the visible a handbook on disability inclusion for parliamentarian' ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിശീലനം നേടിയ എന്യൂമറേറ്റർമാർ വഴി തയ്യാറാക്കുന്ന ദിവ്യാംഗ കണക്കെടുപ്പ് ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലിന് വഴിയൊരുക്കുമെന്ന് അത്താവലെ പറഞ്ഞു.

✪✪✪

തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്റർ സംഘടിപ്പിക്കുന്ന മന്ത്രാങ്കം കൂത്ത് ഇന്ന് കണ്ണൂരിൽ ആരംഭിക്കും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്)...........

✪✪✪

കൊച്ചി എംബാർക്കേഷൻ പോയിന്റു വഴി ഹജ്ജ് സർവ്വീസ് നടത്തുന്ന ഫ്ളൈനാസ് എയർലൈൻസ് അധികൃതർ ഇന്നലെ കരിപ്പൂർ ഹജ്ജ് കമ്മിറ്റി ഓഫീസിലെത്തി ഒരുക്കങ്ങൾ വിലയിരുത്തി. കൊച്ചിയിൽ നിന്ന് ഏപ്രിൽ 30

മുതലാണ് ഹജ്ജ് സർവ്വീസുകൾ ആരംഭിക്കുന്നത്. ആദ്യ വിമാനം ഉച്ചയ്ക്ക് 2.10ന് കൊച്ചിയിൽ നിന്ന് പുറപ്പെട്ട് വൈകിട്ട് 5.30ന് ജിദ്ദയിൽ എത്തും. 20 വിമാന സർവ്വീസുകളാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

✪✪✪

2026 F I H ലോകകപ്പ് ഹോക്കി മത്സരങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. പൂൾ D യിലാണ് ഇന്ത്യയും പാക്കിസ്ഥാനും. നെതർലൻഡ്സിലെ ആംസ്റ്റർഡാമിലാണ് ഇരു ടീമുകളുടെയും മത്സരം. 2010 ൽ ന്യൂഡൽഹിയിലെ ലോകകപ്പിന് ശേഷം ഇതാദ്യമായാണ് ഇന്ത്യയും പാകിസ്താനും മത്സരത്തിൽ മുഖാമുഖം വരുന്നത്. ഓഗസ്റ്റ് 15 മുതൽ 30 വരെയാണ് മത്സരങ്ങൾ.

വനിതാ വിഭാഗത്തിൽ ഇന്ത്യ ഇംഗ്ളണ്ടിനെയും ഏഷ്യൻ ചാമ്പ്യന്മാരായ ചൈനയേയും ആഫ്രിക്കൻ ചാമ്പ്യന്മാരായ ദക്ഷിണാഫ്രിക്കയെയും പൂൾ D യിൽ നേരിടും.

✪✪✪

ഹോട്ടലുകളെ അവശ്യ സർവീസായി പ്രഖ്യാപിച്ച് പാചകവാതക ലഭ്യത ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ഈ മാസം 23 ന് ഹോട്ടലുകൾ അടച്ചിട്ട് സൂചനാ പണിമുടക്ക് നടത്താൻ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷൻ തീരുമാനിച്ചു. എണ്ണക്കമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റുകളിലേക്ക് അന്ന് മാർച്ച് നടത്തുമെന്ന് സംസ്ഥാന ഭാരവാഹികൾ കൊച്ചിയിൽ അറിയിച്ചു.

✪✪✪

---

**News Editor : വി കെ സുരേഷ്, News team : അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്, DEO: ഷീബ**